**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആവിക്കൽതോട് നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ആവിക്കൽതോട് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ആവിക്കൽ തോടിൽ ചെളിയും മാലിന്യങ്ങളും നിറഞ്ഞ് സമീപ വീട്ടുകളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നത് പതിവായിരുന്നു. ഇതു തടയുന്നതിനായി അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികളായ തോട്ടിലെ ചെളിയും മാലിന്യങ്ങളും നീക്കി ആഴം കൂട്ടുന്ന പ്രവൃത്തി, ആദ്യഘട്ട പ്രവൃത്തിയായി ടെൻഡർ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രവൃത്തി നടപ്പിലാകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മഴ കാരണം ഒന്നാംഘട്ട പ്രവൃത്തിയിൽ ചില കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്ന തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി ഉടൻ ടെൻഡർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ